കാര്യങ്ങളും, സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്തശേഷം വളരെ ആവശ്യമാണെന്നു കാണുന്നതും ജനസംഖ്യയും വിസ്തൃതിയും കൂടുതലുള്ളതുമായ താലൂക്കുകളും വില്ലേജുകളും മാത്രം പുനഃസംഘടിപ്പിക്കുന്നകാര്യം സർക്കാർ പരിശോധിക്കുന്നതാണ്. ഇതിനെപ്പറ്റി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു പുതിയ കമ്മീഷനെ നിയോഗിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

താഴ്ന്ന വരുമാനത്തിൽപ്പെടുന്നവർക്ക് ഫീസിൽ കുറവു വരുത്തുന്നതിന് നടപടി

15 (*395) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. ജയരാജൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ മെറിറ്റ് സീറ്റുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ താഴ്ന്ന വരുമാനത്തിൽപ്പെടുന്നവർക്ക് ഫീസിൽ കുറവു വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) കൂടിയ നിരക്കിൽ ഫീസ് കൊടുക്കുന്നതിന് കഴിവില്ലാത്തതുമൂലം പ്രവേശനം വേണ്ടെന്നുവച്ച വരുമാനംകുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഫീസ് കുറച്ച സാഹചര്യത്തിൽ കൗൺസിലിംഗിന് അവസരം നൽകുന്ന കാര്യം പരിഗണിക്കാമോ ;

(സി) സംസ്ഥാനത്തെ ഏതൊക്കെ യൂണിവേഴ്സിറ്റികളാണ് സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നിന്ന് കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടുള്ളത്; ഇത് സംസ്ഥാനത്തെ എല്ലാ യൂണിവേഴ്സിറ്റികളിലും ബാധകമാക്കുമോ എന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തുസൂപ്പി) :

(എ) ഉണ്ട്. 19-6-2003-ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി.) 869/2003/ഉവിവ പ്രകാരം സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടുന്ന 60,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രതിവർഷം ട്യൂഷൻ ഫീസ് 18,000 രൂപ നൽകിയാൽ മതിയെന്ന് ഉത്തരവായിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സർക്കാരിന്റെ യൂണിവേഴ്സിറ്റികൾ നേരിട്ട് നടത്തുന്ന സ്വാശ്രയ കോളേജുകളിൽ ഫീസ് കുറച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly